പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 572 **13-10-2026-ൽ മറുപടിയ്ക്ക്**

<u>സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ആഭ്യന്തര ഉൽപ്പാദനവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ആഭ്യന്തര ഉൽപ്പാദനവും വർഷം തിരിച്ച് വിശദമാക്കാമോ;നിലവിൽ എത്ര കമ്പനികളിൽ നിന്നും സർക്കാർ വൈദ്യുതി വാങ്ങുന്നുണ്ട് എന്നും ഓരോ കരാറിലും യൂണിറ്റിന് നൽകുന്ന ശരാശരി നിരക്ക് എത്രയെന്നും വിശദമാക്കാമോ;

<u>മറുപടി:</u> നിലവിൽ വൈദ്യുതി നൽകുന്ന നിലയങ്ങളുടെ/ കമ്പനികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ആഭ്യന്തര ഉൽപ്പാദനവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

വർഷം	ആഭ്യന്തര ഉൽപ്പാദനം	വൈദ്യുതി ആവശ്യകത (മില്യൺ യൂണിറ്റ്)
2021-22	10814	31234
2022-23	8258	31608
2023-24	6569	30939
2024-25	9492	27742
2025-26	10517	26609

(ബി) സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് ദിവസത്തിൽ എത്ര തവണയെന്നും എത്ര സമയം വീതമാണെന്നും വ്യക്തമാക്കാമോ; വൈദ്യുതി നിയന്ത്രണം എന്ന് വരെ തുടരുമെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്ത് ജൂൺ, ജൂലൈ, സെപ്റ്റംബർ മാസങ്ങളിലെ ചില ദിവസങ്ങളിൽ 15 മുതൽ 25 മിനിറ്റ് വരെ ഒന്ന് മുതൽ രണ്ടു തവണ വരെ പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി വൈദ്യുതി

നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. വൈദ്യുതി നിയന്ത്രണം സെപ്റ്റംബർ മാസം 30-ന് അവസാനിച്ചിട്ടുണ്ട്. ഒക്ടോബർ മാസം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(സി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ട സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് നിർണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നി വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 05.12.2024-ൽ പുറത്തിറക്കിയ താരിഫ് ഉത്തരവ് പ്രകാരമാണ് ഉപഭോക്താക്കളിൽ നിന്ന് നിലവിൽ വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്. ടി ഉത്തരവു പ്രകാരം 2026-27 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2027-ൽ അവസാനിക്കും. പുതിയ താരിഫ് നിർണയിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ആദ്യ പടിയെന്ന നിലയിൽ താരിഫ് നിർണ്ണയ റെഗുലേഷൻസിന്റെ കരട് കമ്മീഷൻ പ്രസിദ്ധീകരിക്കുകയും അതിന്മേൽ പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ റെഗുലേഷൻ വിജ്ഞാപനം ചെയ്തിട്ടില്ല. താരിഫ് റെഗുലേഷൻ പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് വിശദമായ അപഗ്രഥനം നടത്തി താരിഫ് പുനർനിർണിക്കുന്നതിനുള്ള ശുപാർശകൾ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്.

(ഡി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ട്രാൻസ്ഫോമറുകളുടെ എണ്ണം എത്രയെന്നും അവയിൽ കാലപ്പഴക്കമുള്ളവ എത്രയെന്നും വ്യക്തമാക്കാമോ;

മറുപടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ട്രാൻസ്ഫോർമറുകളുടെ എണ്ണം- 832 .

15 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ളവ - 272 എണ്ണം.

(ഇ) പുരപ്പുറ സൗരോർജ്ജം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ദിനംപ്രതി എത്ര വൈദ്യുതിയാണ് ലഭിക്കുന്നതെന്ന കണക്ക് ലഭ്യമാക്കാമോ?

മറുപടി: ഇപ്പോൾ ദിനംപ്രതി ലഭിക്കുന്ന സൗരോർജ്ജ വൈദ്യുതി 5.95 MU ആണ്.

സെക്ഷൻ ഓഫീസർ

	അനുബന്ധം [redacted]		
ക്രമ നമ്പർ	കേന്ദ്ര വിഹിതമായി നിലവിൽ വൈദ്യുതി നൽകുന്ന നിലയങ്ങൾ / കമ്പനികൾ	ജൂലൈ മാസത്തെ പ്രസരണ ചാർജ് ഉൾപ്പെടെയുള്ള ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ	
1	NTPC Ramagundam I and II	5.25	താപ നിലയങ്ങൾ
2	NTPC Ramagundam III	5.4	
3	NTPC Talcher II	2.82	
4	NTPC Simhadri II	5.1	
5	NTPC Kudgi	7.58	
6	NTECL Vallur	6.74	
7	NLC TPS I Expansion	5.46	
8	NLC TPS II Expansion	7.77	
9	NLC TPS Stg-I	6.35	
10	NLC TPS Stg-I I	6.33	
11	NNTPS	6.29	
12	NTPC TELANGANA	5.04	
13	NTPC BARH 1	5.83	
14	NTPC BARH 11	5.35	
15	NTPL	6.93	
16	MAPS	3.75	ആണവോർജ്ജ നിലയങ്ങൾ
17	KKNPP	4.51	
18	Kaiga	4.37	
	നിലവിൽ വൈദ്യുതി നൽകുന്ന സ്വതന്ത്ര ഊർജോല്പാദന നിലയങ്ങൾ / കമ്പനികൾ	ജൂലൈ മാസത്തെ പ്രസരണ ചാർജ് ഉൾപ്പെടെയുള്ള ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ	
19	DVC Reghunathpur	5.42	താപ നിലയങ്ങൾ
20	DVC Mejia	5.43	
21	Maithon Power - 1 ER	5.06	
22	Maithon Power - 2 ER	5.06	
23	JINDAL Stage -2 PPA1 DBFOO	4.03	
24	BALCO	4.79	
25	DVC MTOA Koderma	5.51	
26	DVC MTOA Mejia	5.43	
		ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ	
27	SECI wind 1	2.89	സംസ്ഥാനത്തിന് പുറത്തുള്ള കാറ്റിൽ നിന്നുള്ള വൈദ്യുതി നിലയങ്ങൾ
28	SECI wind 2	2.89	

29	Solar TATA Sourya	2.44	സംസ്ഥാനത്തിന് പുറത്തുള്ള നിന്നുള്ള സൗരോർജ വൈദ്യുതി നിലയങ്ങൾ
30	Solar NTPC	2.77	
31	SECI solar	2.44	
	സംസ്ഥാനത്തിനുള്ളിലെ സ്വതന്ത്ര ഊർജോല്പാദന നിലയങ്ങൾ		
		ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ	
	ചെറുകിട ജലവൈദ്യുതി		
32	Ullunkal(EDCL)	2.44	
33	Iruttukanam -I (VIYYAT)	2.07	
34	Iruttukanam -I I (VIYYAT)	2.94	
35	Karikkayam (AHPL)	4.16	
36	Meenvallom (PSHCL)	4.88	
37	Irruttukanam -11	2.94	
38	Pathamkayam	3.94	
39	Anakampoil	4.3	
40	Mukkudam	4.3	
41	Arippara	4.3	
42	Deviar	4.35	
	സൗരോർജം		
43	IREDA -SOLAR	3.83	
44	Kayamkulam Floating Solar	2.94	
45	THDCIL	3.1	
46	Kuzhalmannam	2.69	
	കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദന നിലയങ്ങൾ / കമ്പനികൾ		
47	Ahalya Alternate	4.7	
48	Kosamattom Finance Ltd	3.93	
49	Inox Renewables Ltd	4.09	
50	C V Renewables	3.94	
	AGALI (23no.s x0.6 MW)	ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ	
51	Bhima & Brother Bullion Pvt Ltd		
52	Bhima & Brother Bullion Pvt Ltd		
53	Popy Umbrella Mart		
54	Popy Umbrella Mart		
55	Asian Star Company Limited		
56	Asian Star Company Limited		

57	Asian Star Company Limited		
58	Asian Star Company Limited		
59	Asian Star Company Limited		
60	Kerala steel Associate		
61	Plant Lipids (P) Ltd		
62	Plant Lipids (P) Ltd	3.14	
63	O/E/N India Ltd		
64	Anna Aluminium Company Pvt Ltd		
65	Synthite Industries Ltd		
66	Synthite Industries Ltd		
67	Synthite Industries Ltd		
68	Synthite Industries Ltd		
69	Synthite Industries Ltd		
70	Bhima Jewels		
71	Bhima Jewels		
72	Bhima Jewelllery		
73	Sri.Easwaramurthi R		
	Koundikkal (8 nosx0.6MW)	**ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ**	
74	Anna Aluminium Company Pvt Ltd		
75	Anna Aluminium Company Pvt Ltd		
76	Cheran Plastics		
77	Amutham Textiles India Private Ltd	3.14	
78	Cheran Plastics		
79	Cheran Plastics		
80	Kitex Limited		
81	Kitex Limited		
	Ramakkalmedu -(19 no.s x0.75MW)	**ശരാശരി യൂണിറ്റ് നിരക്ക് രൂപയിൽ**	
82	Eastern condiments (P) Ltd		
83	Zenith Energy Services (P) Ltd		
84	Watts Electronics (P) Ltd		

85	Mitcon Consultancy Services Ltd		
86	IND Bharat Power Infra (P) Ltd		
87	Venkatrama poultries Pvt Ltd		
88	Shivalaya Tex		
89	SML Power Pvt. Ltd		
90	Manjeera Constructions Ltd	3.14	
91	Shah Agencies		
92	Srinivasa Builders		
93	Wind Chime Enterprisers		
94	S Kumar		
95	Balaji Heavy Lifters Pvt Ltd		
96	Aditaya Marine Ltd		
97	ACV Products (P) Ltd		
	ഒക്ടോബർ മാസത്തിൽ ഹ്രസ്വ കാല മുഴുവൻ സമയ വൈദ്യുതി നൽകുന്ന നിലയങ്ങൾ /കമ്പനികൾ	യൂണിറ്റ് നിരക്ക് രൂപയിൽ	
98	NTPC- NVVN RTC	5.96	
99	Power Pulse RTC	5.96	
100	Directorate of Energy ,Himachal Pradesh	14.5	
	ഒക്ടോബർ മാസത്തിൽ ഹ്രസ്വ കാല പീക്ക് സമയത്തിൽ വൈദ്യുതി നൽകുന്ന നിലയങ്ങൾ /കമ്പനികൾ		
100	NTPC NVVN 1	9.99	
101	NTPC NVVN 2	9.99	
102	PTC INDIA	8.89	
103	MANIKARAN POWER 1	8.89	
104	MANIKARAN POWER 2	8.89	
105	M/s VEH Global Pvt Ltd	11	

സെക്ഷൻ ഓഫീസർ